II ഇ.ബി. XIV-കേരള നിയമസഭ /II-16

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 28, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

48 (*571) അനധികൃത കെട്ടിട നിർമ്മാണം

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുമെന്നും ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ കെട്ടിടങ്ങളുടെ വിവരങ്ങൾ Town & Country Planning Department-ന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. പാറ്റൂർ ആവൃതി മാളിന്റെ കാര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനത്തിന്റെയും പുറമ്പോക്ക് ഭൂമി കയ്യേറിയതിന്റെയും പരാതികൾ നിലവിലുണ്ട്.

മേൽ നിർമ്മിതിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ രണ്ടുപേരെ സസ്പെൻഡ് ചെയ്ത് കഠിന ശിക്ഷാനടപടിയും 3 പേർക്കെതിരെ ലഘുശിക്ഷാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. 31.08.2016-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയ്ക്ക് പ്രത്യേകം ചട്ടങ്ങൾ തയ്യാറാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് കരട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി വ്യക്തമാക്കി. നിലവിലുള്ള എല്ലാ വാസഗൃഹങ്ങൾക്കും ടെമ്പററി പെർമിറ്റ് നൽകി നമ്പറിടുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ബിൽഡിംഗ് റൂൾ പരിഷ്കരിക്കുമ്പോൾ ഫ്ലോർ ഏരിയ റേഷ്യോയിലെ അപാകതകൾ പരിഹരിക്കുന്നതിനും മാലിന്യ സംസ്കരണ സംവിധാനം, മഴവെള്ള സംഭരണി, കിണർ റീചാർജിംഗ് എന്നിവ നിർബന്ധമാക്കുന്നതിനുമാവശ്യമായ പ്രൊവിഷനുകൾ ഉൾപ്പെടുത്തുമെന്നും ഹെറിറ്റേജ് ഏരിയകളിൽ ലോ റൈസ്ഡ് ബിൽഡിംഗുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച പ്രൊവിഷൻ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് ആലോചിക്കുമെന്നും മന്ത്രി അറിയിച്ചു. ഫ്ലാറ്റുകളുടെ നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും പരിശോധന നടത്തി മാത്രമേ അനുമതി നൽകാവൂ എന്നും വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന കോടതി വ്യവഹാരങ്ങളിൽ തീർപ്പുകല്പിക്കണമെന്നും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാസ്റ്റർ

പ്ലാനുകൾ കാലാനുസൃതമായി പുതുക്കുന്ന നടപടി പുരോഗമിക്കുന്നതായും തീരപ്രദേശത്ത് താമസിക്കുന്നവർക്ക് വീട് വയ്ക്കാനുള്ള അവകാശമെങ്കിലും അംഗീകരിച്ചുകിട്ടുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

49(+T*572) തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, വിനോദസഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാബോട്ടുകൾ ഏർപ്പെടുത്തുമെന്നും വിഴിഞ്ഞം-കൊച്ചി, കൊച്ചി-കോഴിക്കോട് മേഖലകളിലാണ് ആദ്യഘട്ടം സർവ്വീസ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. ഇതിന്റെ വിജയത്തെ അടിസ്ഥാനമാക്കി മറ്റ് തുറമുഖങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതാണെന്നും പദ്ധതി നടത്തിപ്പിനായി മെസേഴ്സ് സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്വകാര്യ സംരംഭകരെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതിനാവശ്യമായ കേന്ദ്ര-സംസ്ഥാന അനുമതി ലഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഏകദേശം 139 യാത്രക്കാർ ഉൾക്കൊള്ളുന്ന മണിക്കൂറിൽ 35 നോട്ടിക്കൽ മൈൽ വേഗതയും ആധുനിക സൗകര്യവുമുള്ള റഷ്യൻ നിർമ്മിത

\+ ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഹൈഡ്രോ ഫോയിൽ പാസ്സഞ്ചർ ബോട്ട് കൊച്ചി തുറമുഖത്ത് എത്തിയിട്ടുണ്ടെന്നും തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ അകലത്തിലാണ് ഇതിന്റെ യാത്രാപഥമെന്നതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകില്ലെന്നും മന്ത്രി അറിയിച്ചു. തുറമുഖ ശൃംഖലയിലെ വ്യാപാര വാണിജ്യ ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ആവശ്യമായ പഠനം നടത്തുന്നതിനുള്ള അനുമതിക്കായി കേന്ദ്രഗവൺമെന്റിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

50 (*573) കാർഷിക മേഖലയിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, കർഷകരുടെ ഉന്നമനത്തിനും കർഷക ആത്മഹത്യകൾ ഇല്ലാതാക്കുന്നതിനും റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കുമെന്നും നെല്ലിന്റെയും റബ്ബറിന്റെയും നാളികേരത്തിന്റെയും താങ്ങുവില യഥാസമയം വിതരണം ചെയ്യുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും സഭയെ അറിയിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പലിശരഹിത വായ്പകൾ അനുവദിക്കുന്നതിനും കാർഷിക ലോണുകൾ

സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനും നെൽകൃഷിക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. കർഷകർക്ക് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മൂന്ന് ലക്ഷം രൂപ വരെ പലിശരഹിത വായ്പ നൽകുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും വയനാട് ജില്ലയിൽ കാർഷിക ലോണെടുത്ത കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിന് പ്രഖ്യാപിച്ച മോറട്ടോറിയം ദീർഘിപ്പിച്ചിട്ടുണ്ടെന്നും ഇടുക്കി ജില്ലയിലെ കർഷകരുടെ ജപ്തിനടപടികൾ നിർത്തിവയ്ക്കുന്നതിനായി മോറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. 521 പോളി ഹൗസുകളിലായി 29 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിരുന്നെങ്കിലും കൃഷി രീതികൾ സംബന്ധിച്ച് കൃഷിക്കാർക്ക് ആവശ്യമായ അവബോധവും പരിശീലനവും നൽകാതിരുന്നതിനാൽ ഉദ്ദേശിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ല. നാടൻ വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക സർവ്വകലാശാലയും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും വഴി ആ ഇനങ്ങളുടെ

വംശവർദ്ധനവുണ്ടാക്കി ഇതിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും ക്വാളിറ്റി പരിശോധിക്കാനാവശ്യമായ സംവിധാനം ഒരുക്കുന്നതിനും നാളികേര അഗ്രോ പാർക്കുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4990 മുതൽ 5190 വരെയുള്ള ചോദ്യങ്ങളിൽ 65 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)